**മധുരമായ കുട്ടികളേ- ദേഹാഭിമാനത്തെ ഉപേക്ഷിച്ച് ദേഹീ അഭിമാനിയായി മാറൂ, ദേഹീ അഭിമാനികളെത്തന്നെയാണ് ഈശ്വരീയ സമ്പ്രദായത്തിലുള്ളവർ എന്ന് പറയുന്നത്.**

**ചോദ്യം-** നിങ്ങൾ കുട്ടികൾ ഇപ്പോൾ നടത്തുന്ന സത്സംഗം മറ്റു സത്സംഗങ്ങളിൽ നിന്നും വേറിട്ടതാണ്, എങ്ങനെ?
**ഉത്തരം-** ഈ ഒരേയൊരു സത്സംഗത്തിൽ മാത്രമാണ് നിങ്ങൾ ആത്മാവിന്റേയും പരമാത്മാവിന്റേയും ജ്ഞാനം കേൾക്കുന്നത്. ഇവിടെ പഠിപ്പാണ് നടക്കുന്നത്. പ്രധാന ലക്ഷ്യവും മുന്നിലുണ്ട്. മറ്റു സത്സംഗങ്ങളിൽ പഠിപ്പും ഉണ്ടാകില്ല, ലക്ഷ്യവും ഉണ്ടാകില്ല.

**ഓം ശാന്തി.** ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുകയാണ്. ആത്മീയ കുട്ടികൾ കേട്ടുകൊണ്ടിരിക്കുകയാണ്. ആദ്യമാദ്യം ബാബ മനസ്സിലാക്കിത്തരുന്നു എപ്പോൾ ഇരിക്കുകയാണെങ്കിലും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഇരിക്കൂ. ദേഹമാണെന്ന് കരുതരുത്. ദേഹാഭിമാനത്തെ ആസുരീയ സമ്പ്രദായം എന്നാണ് പറയുന്നത്. ദേഹീ അഭിമാനികളെയാണ് ഈശ്വരീയ സമ്പ്രദായം എന്ന് പറയുന്നത്. ഈശ്വരന് ദേഹമില്ല. സദാ ആത്മാഭിമാനിയാണ്. സുപ്രീം ആത്മാവ്, സർവ്വാത്മാക്കളുടേയും പിതാവാണ് പരമാത്മാവ് അർത്ഥം ഉയർന്നതിലും ഉയർന്നതാണ്. മനുഷ്യർ എപ്പോഴാണോ ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് പറയുന്നത് അപ്പോൾ നിരാകാരന്റെ ശിവലിംഗ രൂപമാണ് അവരുടെ ബുദ്ധിയിൽ തെളിയുന്നത്. നിരാകാരന്റെ ശിവലിംഗത്തിന്റെ പൂജയും നടക്കുന്നുണ്ട്. പരമാത്മാവ് അർത്ഥം സർവ്വാത്മാക്കളിലും ശ്രേഷ്ഠൻ. ആത്മാവ് തന്നെയാണ് പക്ഷേ ഉയർന്ന ആത്മാവാണ്. ബാബ ജനന- മരണത്തിലേക്ക് വരുന്നില്ല. ബാക്കി എല്ലാവരും പുനർജന്മം എടുക്കുന്നു അതിനാൽ എല്ലാവരും രചനകളാണ്. രചയിതാവ് ഒരേയൊരു അച്ഛനാണ്. ബ്രഹ്മാ- വിഷ്ണു- ശങ്കരനും രചനയാണ്. മുഴുവൻ മനുഷ്യ സൃഷ്ടിയും രചനയാണ്. രചയിതാവിനെ അച്ഛൻ എന്നാണ് വിളിക്കുന്നത്. പുരുഷനെ രചയിതാവ് എന്ന് വിളിക്കുന്നു. സ്ത്രീയെ സ്വീകരിക്കുന്നു പിന്നീട് അവരിലൂടെ രചന നടത്തുന്നു, പാലിക്കുന്നു. വിനാശം മാത്രം ചെയ്യുന്നില്ല ബാക്കി ഏതെല്ലാം ധർമ്മസ്ഥാപകരുണ്ടോ അവരും രചിക്കുകയും പിന്നീട് അതിന്റെ പാലന ചെയ്യുകയും ചെയ്യുന്നു. വിനാശം ആരും ചെയ്യുന്നില്ല. പരിധിയില്ലാത്ത അച്ഛനെ പരമാത്മാവ് എന്ന് വിളിക്കുന്നു, എങ്ങനെ ആത്മാവിന്റെ രൂപം ബിന്ദുവാണോ അതുപോലെ പരമപിതാ പരമാത്മാവിന്റെ രൂപവും ബിന്ദുവാണ്. ബാക്കി ഇത്രയും വലുപ്പമുള്ള ശിവലിംഗം ഉണ്ടാക്കുന്നു അതെല്ലാം ഭക്തിമാർഗ്ഗത്തിൽ പൂജ ചെയ്യുന്നതിനായി നിർമ്മിക്കുന്നതാണ്. ബിന്ദുവിനെ എങ്ങനെ പൂജിക്കാൻ സാധിക്കും. ഭാരതത്തിൽ രുദ്രയജ്ഞം രചിക്കുമ്പോൾ മണ്ണുകൊണ്ട് ശിവലിംഗവും സാലിഗ്രാമങ്ങളും ഉണ്ടാക്കി അതിന്റെ പൂജ ചെയ്യുന്നു. അതിനെ രുദ്രയജ്ഞം എന്നാണ് പറയുന്നത്. വാസ്തവത്തിൽ ശരിയായ പേര് രാജസ്വ അശ്വമേധ അവിനാശി രുദ്ര ഗീതാജ്ഞാനയജ്ഞം എന്നതാണ്. ഇത് ശാസ്ത്രങ്ങളിലും എഴുതിയിട്ടുണ്ട്. ഇപ്പോൾ ബാബ കുട്ടികളോട് പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ബാക്കി ഏതെല്ലാം സത്സംഗങ്ങളുണ്ടോ അതിലൊന്നും ആത്മാവിന്റേയോ പരമാത്മാവിന്റേയോ ജ്ഞാനം ആരിലുമില്ല, ആർക്കും നൽകാനും സാധിക്കില്ല. അവിടെ ഒരു ലക്ഷ്യവും ഉണ്ടായിരിക്കില്ല. നിങ്ങൾ കുട്ടികളാണെങ്കിൽ ഇപ്പോൾ പഠിപ്പ് പഠിക്കുകയാണ്. നിങ്ങൾക്ക് അറിയാം ആത്മാവ് ശരീരത്തിൽ പ്രവേശിക്കുന്നു. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നു. ആത്മാവ് അശരീരിയാണല്ലോ. നഗ്നനായാണ് വന്നത്, നഗ്നനായിത്തന്നെ പോവുകയും വേണം എന്ന് പറയാറുമുണ്ട്. ശരീരം ധാരണ ചെയ്തതാണ് പിന്നീട് ശരീരം ഉപേക്ഷിച്ച് നഗ്നനായി തിരിച്ചുപോകണം. ഇത് അച്ഛൻ ഇരുന്ന് നിങ്ങൾ കുട്ടികൾക്കു തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ഇതും കുട്ടികൾക്ക് അറിയാം ഭാരതത്തിൽ സത്യയുഗമുണ്ടായിരുന്നപ്പോൾ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു, ഒരേയൊരു ധർമ്മമായിരുന്നു. ഇതുപോലും ഭാരതവാസികൾക്ക് അറിയില്ല. അച്ഛനെ ആര് അറിയുന്നില്ലയോ അവർ ഒന്നും തന്നെ അറിയുന്നില്ല. പ്രാചീന ഋഷി മുനിമാരും പറഞ്ഞിരുന്നു- ഞങ്ങൾക്ക് രചയിതാവിനേയും രചനയേയും അറിയുന്നില്ല. രചയിതാവ് പരിധിയില്ലാത്ത അച്ഛനാണ്, അവർക്ക് മാത്രമേ രചനയുടെ ആദി-മദ്ധ്യ-അന്ത്യം അറിയുകയുള്ളു. ആദി എന്നു പറയുന്നത് ആരംഭത്തേയാണ്, മദ്ധ്യം എന്ന് പറയുന്നത് നടുവിലുള്ളതിനെയാണ്. ആദി സത്യയുഗമാണ് അതിനെയാണ് പകൽ എന്ന് പറയുന്നത്, പിന്നീട് മദ്ധ്യം മുതൽ അവസാനം വരെ രാത്രിയാണ്. പകൽ സത്യ ത്രേതായുഗങ്ങളാണ്, സ്വർഗ്ഗമാണ് ലോകാത്ഭുതം. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗമായിരുന്നത്, അതിൽ ലക്ഷ്മീ നാരായണന്മാരുടെ രാജ്യമുണ്ടായിരുന്നു, ഇത് ഭാരതവാസികൾക്ക് അറിയുകയില്ല. ബാബ ഇപ്പോൾ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുകയാണ്.

ബാബ പറയുന്നു നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു. നമ്മൾ ഒന്നാന്തരം ആത്മാക്കളാണ്. ഈ സമയത്ത് എല്ലാ മനുഷ്യരും ദേഹാഭിമാനികളാണ്. ബാബ ആത്മാഭിമാനിയാക്കി മാറ്റുന്നു. ആത്മാവ് എന്ത് വസ്തുവാണ് എന്നതും ബാബ പറഞ്ഞു തരുന്നു. മനുഷ്യന് ഒന്നും അറിയില്ല. ഭൃകുടിയുടെ നടുവിൽ തിളങ്ങുന്ന അത്ഭുത നക്ഷത്രം എന്നെല്ലാം പറയാറുണ്ട് പക്ഷേ അത് എന്താണ്, അതിൽ എങ്ങനെയാണ് പാർട്ട് നിറഞ്ഞിരിക്കുന്നത്, എന്നതൊന്നും അറിയില്ല. ഇപ്പോൾ ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു, നിങ്ങൾ ഭാരതവാസികൾക്ക് 84 ജന്മങ്ങളുടെ പാർട്ട് അഭിനയിക്കണം. ഭാരതമാണ് ശ്രേഷ്ഠ ഖണ്ഢം, എല്ലാ മനുഷ്യരുടേയും തീർത്ഥസ്ഥാനമാണിത്, സർവ്വരുടേയും സദ്ഗതി ചെയ്യാൻ ബാബ ഇവിടെയാണ് വരുന്നത്. രാവണ രാജ്യത്തിൽ നിന്നും മുക്തമാക്കി വഴികാട്ടിയായി തിരികെ കൂട്ടിക്കൊണ്ടുപോകുന്നു. മനുഷ്യർ വെറുതേ പറയുന്നുവെന്ന് മാത്രം, അർത്ഥം ഒന്നും അറിയില്ല. ഭാരതത്തിൽ ആദ്യം ദേവീ ദേവതകളുണ്ടായിരുന്നു. അവർക്കുതന്നെ പിന്നീട് പുനർജന്മങ്ങൾ എടുക്കേണ്ടതായി വരുന്നു. ഭാരതവാസികൾ തന്നെയാണ് ദേവതയും, ക്ഷത്രിയനും, വൈശ്യനും ശൂദ്രനുമായി മാറുന്നത്. പുനർജന്മം എടുക്കണമല്ലോ. ഈ ജ്ഞാനം പൂർണ്ണമായി മനസ്സിലാക്കാൻ 7 ദിവസം എടുക്കും. പതിതമായ ബുദ്ധിയെ പാവനമാക്കി മാറ്റണം. ഈ ലക്ഷ്മീ നാരായണന്മാർ പാവനമായ ലോകത്തിൽ രാജ്യം ഭരിച്ചിരുന്നല്ലോ. അവരുടെ തന്നെ രാജ്യമായിരുന്നു ഭാരതത്തിൽ ഉണ്ടായിരുന്നത് അപ്പോൾ വേറെ ഒരു ധർമ്മവും ഉണ്ടായിരുന്നില്ല. ഒരു രാജ്യമായിരുന്നു. ഭാരതം എത്ര സമ്പന്നമായിരുന്നു. വജ്രവും വൈഡൂര്യങ്ങളും നിറഞ്ഞ കൊട്ടാരങ്ങളായിരുന്നു പിന്നീട് പൂജാരിയായി മാറി. പിന്നീട് ഭക്തിമാർഗ്ഗത്തിൽ ഈ ക്ഷേത്രങ്ങളെല്ലാം നിർമ്മിച്ചു. സോമനാഥ ക്ഷേത്രവും ഉണ്ടല്ലോ. ഒരു ക്ഷേത്രം മാത്രമായിരിക്കില്ല ഉണ്ടാവുക. ഇവിടെയും ശിവക്ഷേത്രത്തിൽ അത്രയും വജ്രവും വൈഡൂര്യവും ഉണ്ടായിരുന്നു അതെല്ലാം മുഹമ്മദ് ഗസ്നി ഒട്ടകങ്ങളിൽ നിറച്ച് കൊണ്ടുപോയി. ഇത്രയും സമ്പത്ത് ഉണ്ടായിരുന്നു, ലക്ഷക്കണക്കിന് ഒട്ടകങ്ങളെ കൊണ്ടുവന്നാൽ പോലും നിറച്ച് കൊണ്ടുപോകാൻ സാധിക്കില്ലായിരുന്നു. സത്യയുഗത്തിൽ സ്വർണ്ണം, വജ്രം വൈഡൂര്യം എന്നിവയുടെ അനേകം കൊട്ടാരങ്ങൾ ഉണ്ടായിരുന്നു. മുഹമ്മദ് ഗസ്നി ഇപ്പോഴാണ് വന്നത്. ദ്വാപരത്തിലും എത്ര കൊട്ടാരങ്ങൾ ഉണ്ടായിരിക്കും. അവയെല്ലാം ഭൂകമ്പത്തിൽ ഭൂമിക്കടിയിലാകും. രാവണന്റെ സ്വർണ്ണം കൊണ്ടുള്ള ലങ്കയൊന്നും ഉണ്ടാകില്ല. രാവണ രാജ്യത്തിൽ ഭാരതത്തിന്റെ അവസ്ഥ ഇങ്ങനെയായിരിക്കും. 100 ശതമാനം അധാർമ്മികരും അസത്യം നിറഞ്ഞവരും പാപ്പരും പതിതരും വികാരികളുമാണ്, പുതിയ ലോകത്തെ നിർവ്വികാരി എന്നാണ് പറയുന്നത്. ഭാരതം ശിവാലയമായിരുന്നു, ഇതിനെയാണ് ലോകാത്ഭുതം എന്ന് പറഞ്ഞത്. വളരെ കുറച്ച് മനുഷ്യരേ ഉണ്ടായിരുന്നുള്ളു. ഇപ്പോഴാണെങ്കിൽ കോടിക്കണക്കിന് മനുഷ്യരുണ്ട്. ചിന്തിക്കണമല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇത് പുരുഷോത്തമ സംഗമയുഗമാണ്, ഇതിലാണ് ബാബ നിങ്ങളെ ഉത്തമപുരുഷനും പവിഴബുദ്ധിയുമാക്കി മാറ്റുന്നത്. ബാബ നിങ്ങൾക്ക് മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനായി നല്ല മതം നൽകുന്നു. ബാബയുടെ മതത്തെക്കുറിച്ച് തന്നെയാണ് അങ്ങയുടെ ഗതിയും മതവും വേറിട്ടതാണ്........... എന്ന് പറയുന്നത് ഇതിന്റെയും അർത്ഥം ആരും അറിയുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഞാൻ നിങ്ങൾക്ക് ഇങ്ങനെയുള്ള ശ്രേഷ്ഠ മതമാണ് നൽകുന്നത് ഇതിലൂടെ നിങ്ങൾ ദേവതയായി മാറുന്നു. ഇപ്പോൾ കലിയുഗം പൂർത്തിയാവുകയാണ്, പഴയ ലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുന്നു. മനുഷ്യർ തീർത്തും ഘോരാന്ധകാരത്തിൽ കുംഭകർണ്ണ നിദ്രയിൽ മുഴുകിയിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ പറയുന്നു ശാസ്ത്രങ്ങളിൽ എഴുതിയിട്ടുണ്ട്– കലിയുഗം ഇപ്പോഴും കുട്ടിയാണ്, 40,000 വർഷം ഇനിയും ബാക്കിയുണ്ട്. 84 ലക്ഷം യോനികൾ എന്ന് കരുതുന്നതിനാൽ കൽപത്തിന്റെ ആയുസ്സിനെ നീട്ടി വലിച്ചു. വാസ്തവത്തിൽ 5000 വർഷമാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ 84 ജന്മങ്ങളാണ് എടുക്കുന്നത്, അല്ലാതെ 84 ലക്ഷമല്ല. പരിധിയില്ലാത്ത അച്ഛന് ഈ ശാസ്ത്രങ്ങളെല്ലാം അറിയാം അതിനാലാണ് പറയുന്നത് ഇതെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്, ഇത് അരകൽപം നടക്കുന്നു, ഇതിലൂടെ ആർക്കും എന്റെ അടുത്ത് എത്താൻ കഴിയില്ല. ക്രിസ്ത്യൻസിന്റെ ജനസംഖ്യ 2000 വർഷം കൊണ്ട് ഇത്രയുമായി എങ്കിൽ കൽപത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷങ്ങളാണെങ്കിൽ ജനസുഖ്യ എത്ര അധികമാവണമായിരുന്നു ഇതും ചിന്തിക്കേണ്ട വിഷയമാണ്. ഭാരതത്തിന്റെ യഥാർത്ഥ ധർമ്മം ദേവീ ദേവതാ ധർമ്മമാണ്, അതുതന്നെയാണ് നടന്നുവരേണ്ടത് എന്നാൽ ആദി സനാതന ദേവീദേവതാ ധർമ്മത്തെ മറന്നതിനാൽ നമ്മുടേത് ഹിന്ദുധർമ്മമാണ് എന്ന് പറയുന്നു. ഹിന്ദു എന്ന ധർമ്മമേയില്ല. ഭാരതം എത്ര ശ്രേഷ്ഠമായിരുന്നു. ആദി സനാതന ദേവീദേവതാ ധർമ്മമുണ്ടായിരുന്നപ്പോൾ വിഷ്ണുപുരിയായിരുന്നു. ഇപ്പോൾ രാവണപുരിയാണ്. അതേ ദേവീദേവതകൾ 84 ജന്മങ്ങൾക്ക് ശേഷം എന്തായി മാറി. ദേവതകളെ നിർവ്വികാരികളെന്നും ഞങ്ങൾ സ്വയം വികാരികളാണ് എന്നും മനസ്സിലാക്കി അവരുടെ പൂജ ചെയ്യുന്നു. സത്യയുഗത്തിൽ ഭാരതം നിർവ്വികാരിയായിരുന്നു, പുതിയ ലോകമായിരുന്നു, ഇപ്പോൾ പഴയ ലോകത്തിൽ ഭാരതവും പഴയതാണ്. ഗതി എന്തായി. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം, ഇപ്പോൾ നരകമാണ്. ഭാരതമായിരുന്നു ഏറ്റവും സമ്പന്നം, ഭാരതം തന്നെയാണ് പാപ്പരായത്, എല്ലാവരോടും ഭിക്ഷ യാചിച്ചുകൊണ്ടിരിക്കുന്നു. പ്രജകളിൽ നിന്നും യാചിക്കുന്നു. ഇത് മനസ്സിലാകുന്ന കാര്യമ

ല്ലേ. ഇന്ന് ദേഹാഭിമാനികളായ മനുഷ്യർ അൽപം പണം ലഭിക്കുമ്പോഴേക്കും ഞങ്ങൾ സ്വർഗ്ഗത്തിലാണ് ഇരിക്കുന്നത് എന്ന് കരുതുന്നു. സുഖധാമത്തെ അഥവാ സ്വർഗ്ഗത്തെ തീർത്തും അറിയില്ല കാരണം കല്ലു ബുദ്ധികളാണ്. ഇപ്പോൾ അവരെ പവിഴബുദ്ധിയാക്കി മാറ്റുന്നതിനായി 7 ദിവസത്തെ ഭട്ടിയിൽ ഇരുത്തൂ എന്തുകൊണ്ടെന്നാൽ പതിതമല്ലേ. പതിതരെ ഇവിടെ ഇരുത്താൻ സാധിക്കില്ല. ഇവിടെ പാവനമായവർക്കേ ഇരിക്കാൻ കഴിയൂ. പതിതരെ അനുവദിക്കുക സാധ്യമല്ല.

നിങ്ങൾ ഇപ്പോൾ പുരുഷോത്തമ സംഗമയുഗത്തിലാണ് ഇരിക്കുന്നത്. അറിയാം ബാബ നമ്മെ പുരുഷോത്തമരാക്കി മാറ്റുകയാണ്. ഇത് സത്യമായ സത്യനാരായണന്റെ കഥയാണ്. സത്യമായ ബാബ നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റുന്നതിനായി രാജയോഗം പഠിപ്പിക്കുകയാണ്. ജ്ഞാനം ഒരേയൊരു ബാബയുടെ പക്കലേയുള്ളു, അവരെയാണ് ജ്ഞാനസാഗരം എന്ന് പറയുന്നത്. ശാന്തിയുടെ സാഗരം, പവിത്രതയുടെ സാഗരം ഇതെല്ലാം ആ ഒരാളുടെ മാത്രം മഹിമയാണ്. മറ്റാരുടേയും മഹിമയാവുക സാധ്യമല്ല. ദേവതകളുടെ മഹിമ വേറെയാണ് പരമപിതാ പരമാത്മാവിന്റെ മഹിമ വേറെയാണ്. ബാബ അച്ഛനാണ്, കൃഷ്ണനെ അച്ഛൻ എന്ന് പറയില്ല. ഇപ്പോൾ ആരാണ് ഭഗവാൻ? ഇപ്പോഴും ഭാരതവാസികളായ മനുഷ്യർക്ക് അറിയുകയില്ല. കൃഷ്ണ ഭഗവാനുവാചാ എന്ന് പറയുന്നു. കൃഷ്ണൻ പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. സൂര്യവംശിയിൽ നിന്നും ചന്ദ്രവംശി പിന്നെ വൈശ്യ വംശി....... മനുഷ്യർ ഹംസോ എന്നതിന്റെ അർത്ഥവും മനസ്സിലാക്കുന്നില്ല. നമ്മൾ ആത്മാവുതന്നെയാണ് പരമാത്മാവ് എന്ന് പറയുന്നു, എത്ര വലിയ തെറ്റാണിത്. ഇപ്പോൾ നിങ്ങൾക്ക് അറിയാം എങ്ങനെയാണ് ഭാരതത്തിന്റെ കയറുന്ന കലയും ഇറങ്ങുന്ന കലയും ഉണ്ടാകുന്നതെന്ന്. ഇതാണ് ജ്ഞാനം, ബാക്കിയെല്ലാം ഭക്തിയാണ്. സത്യയുഗത്തിൽ എല്ലാവരും പാവനമായിരുന്നു, രാജാ-റാണിയുടെ രാജ്യം നടന്നുവന്നു. അവിടെ മന്ത്രി ഉണ്ടാവില്ല. എന്തുകൊണ്ടെന്നാൽ രാജാവും റാണിയും സ്വയം അധികാരികളാണ്. ബാബയിൽ നിന്നും സമ്പത്ത് എടുത്തിട്ടുണ്ട്. അവരിൽ വിവേകമുണ്ട്, ലക്ഷ്മീ നാരായണന് ആരിൽ നിന്നും ഉപദേശം നേടേണ്ട ആവശ്യമില്ല. അവിടെ മന്ത്രി ഉണ്ടാവുകയില്ല. ഭാരതത്തെപ്പോലെ പവിത്രമായ ദേശം വേറെയില്ല. ശ്രേഷ്ഠമായ പവിത്ര ദേശമായിരുന്നു. പേരു തന്നെ സ്വർഗ്ഗം എന്നാണ് എന്നാൽ ഇപ്പോൾ നരകമാണ്. നരകത്തിൽ നിന്നും വീണ്ടും സ്വർഗ്ഗമാക്കി മാറ്റുന്നത് ബാബ തന്നെയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യസാരം-

1). ഒരു ബാബയുടെ നല്ല മതം അനുസരിച്ച് നടന്ന് മനുഷ്യനിൽ നിന്നും ദേവതയായി മാറണം. ഈ സ്വർണ്ണിമമായ സംഗമയുഗത്തിൽ സ്വയത്തെ ഉത്തമപുരുഷനും പവിഴബുദ്ധിയുമാക്കി മാറ്റണം.

2) 7 ദിവസത്തെ ഭട്ടിയിൽ ഇരുന്ന് പതിതമായ ബുദ്ധിയെ പാവനമായ ബുദ്ധിയാക്കി മാറ്റണം. സത്യമായ ബാബയിൽ നിന്നും സത്യനാരായണന്റെ സത്യമായ കഥ കേട്ട് നരനിൽ നിന്നും നാരായണനായി മാറണം.

### വരദാനം-ഓരോ ഖജനാവുകളേയും ബാബയുടെ ഡയറക്ഷൻ അനുസരിച്ച് കാര്യങ്ങളിൽ കൊണ്ടുവരുന്ന വിശ്വസ്തരായി ഭവിക്കട്ടെ.

ആരാണോ ബാബയിൽനിന്നും പ്രാപ്തമായിട്ടുള്ള ഖജനാവുകളെ ബാബയുടെ ഡയറക്ഷനില്ലാതെ ഒരു കാര്യത്തിലും ഉപയോഗിക്കാത്തത് അവരെയാണ് വിശ്വസ്തർ എന്ന് പറയുന്നത്.സമയം,വാക്ക്,കർമ്മം, ശ്വാസം, സങ്കൽപം എന്നിവ പരമത് അല്ലെങ്കിൽ സംഗദോഷത്തിൽ വ്യർത്ഥമാക്കി കളയുന്നത്,സ്വചിന്തനത്തിനുപകരം പരചിന്തനം ചെയ്യുന്നത് ,സ്വമാനത്തിനുപകരം ഏതെങ്കിലും അഭിമാനത്തിൽവരുന്നത്,ശ്രീമതത്തിനുപകരം മൻമത് ന്റെ ആധാരത്തിൽ നടക്കുന്നത് ഇവയെല്ലാം ചെയ്യുകയാണെങ്കിൽ വിശ്വസ്തർ എന്ന് പറയുകയില്ല.ഈ എല്ലാ ഖജനാവുകളും വിശ്വമംഗളത്തിനുവേണ്ടിയാണ് ലഭിച്ചിരിക്കുന്നത് അതിനാൽ അവ അതിനുവേണ്ടിത്തന്നെ ഉപയോഗിക്കുന്നതിനെയാണ് വിശ്വസ്തരാകുക എന്ന് പറയുന്നത്.

### സ്ലോഗൻ:- എതിർക്കേണ്ടത് മായയെയാണ്,ഈശ്വരീയപരിവാരത്തെയല്ല.

**അവ്യക്തസൂചന-സങ്കൽപശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമാകൂ..**

എല്ലാ ആത്മാക്കളും ഒരു പരിധിയില്ലാത്ത കുടുംബത്തിലേതാണ്.തന്റെ കുടുംബത്തിലെ ഏതെങ്കിലും ഒരാത്മാവിനുപോലും വരദാനം ലഭിക്കാതെ പോകരുത് ഇങ്ങിനെയുള്ള ഉൻമേഷഉൽസാഹത്തിന്റെ ശ്രേഷ്ഠസങ്കൽപം ഹൃദയത്തിൽ സദാ ഉണ്ടാകണം.തന്റെ ജോലികളിൽ മാത്രം സദാ ബിസിയായി ഇരിക്കരുത്. പരിധിയില്ലാത്ത സ്റ്റേജിൽ സ്ഥിതി ചെയ്യുകയാണ്,പരിധിയില്ലാത്ത ആത്മാക്കളുടെ സേവനങ്ങൾക്കായുള്ള ശ്രേഷ്ഠസങ്കൽപങ്ങൾ ചെയ്യൂ.ഇത് സഫലതക്കുള്ള സഹജമായ മാർഗ്ഗമാണ്.